(ബി) ഡാം സുരക്ഷാ അതോറിറ്റി രൂപീകരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടം വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും ഡാമുകളിൽ നിന്നും ജലചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡാമുകളിൽ നിന്നാണ് ചൂഷണം നടക്കുന്നത്; ചൂഷണം ചെയ്തെടുക്കുന്ന ജലം എവിടേക്കാണ് കൊണ്ടു പോകുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതി കേരളത്തിലെ അണക്കെട്ടുകൾ പരിശോധിച്ച് നൽകിയ റിപ്പോർട്ടനുസരിച്ച് ബലക്ഷയം വന്ന് അപകടാവസ്ഥയിൽ ഉള്ള ഒരു ഡാമും കേരളത്തിൽ ഇല്ല. എന്നാൽ ഒരു ശതാബ്ദത്തിൽ അധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം പൊതുവെ സുരക്ഷിതമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണം ആക്ടിൽ അണക്കെട്ട്, സുരക്ഷാഅതോറിറ്റിയുടെ രൂപീകരണത്തിന് വ്യവസ്ഥയുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ പൂർത്തിയാക്കിയതിനുശേഷം അതോറിറ്റി രൂപീകരിക്കാനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം സംരക്ഷിക്കാൻ നടപടി

*7 [307] ശ്രീ. കെ. കെ. ജയചന്ദ്രൻ:
" ടി. പി. രാമകൃഷ്ണൻ:
" എം. വി. ജയരാജൻ:
" വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം നിയമംമൂലം ഇല്ലാതാക്കാനുള്ള വനംവകുപ്പിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആദിവാസികൾ നേരിടുന്ന തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതകളും വർദ്ധിപ്പിക്കാനിടയാക്കുന്ന ഈ നീക്കം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) സംസ്ഥാനതലത്തിൽ ഇങ്ങനെ ഒരു നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സുപ്രീം കോടതിയുടെ 14-2-2000-ലെ 548-ാം നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകളിൽ നിന്ന് ജീർണ്ണിച്ചതും രോഗം പിടിച്ചതുമായ വൃക്ഷങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുണ്ട്. പുൽച്ചെടികൾപോലും ഇക്കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു.

(ബി) സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly